# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 194**

**26-09-2016-ൽ മറുപടിക്ക്**

### മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എം.സി.സി.ആർ.ഐ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും മലപ്പുറം പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ പ്രസ്തുത ക്യാൻസർ സെന്ററിന് മുൻ സർക്കാർ അനുവദിച്ച 25 ഏക്കറിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കുമോ ; | (ബി) മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി 25 ഏക്കർ സ്ഥലം അനുവദിച്ചുകൊണ്ട് 03/02/2016 ലെ ജി.ഒ.(ആർ.റ്റി)നം.132/2016/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്നും സ്ഥലം പതിച്ചു നൽകേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (സി) നടപടിയുടെ പുരോഗതികൾ വ്യക്തമാക്കുമോ ? | (സി) മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു വേണ്ടി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ